# നിങ്ങളെ നിങ്ങളാക്കുന്ന ഗുണങ്ങൾ

>> എസ്.എ ജലീൽ

**عَنْ عَبْدِ اللهِ ابْنِ عمرو أَنَّ رَسُولَ اللهِ ﷺ قَالَ : أَرْبَعُ إِذَا كُنَّ فِيكَ فَلَا عَلَيْكَ مَا فَاتَكَ مِنَ الدُّنْيَا : صِدْقُ الحَدِيثِ وَ حِفْظُ الأَمَانَةِ وَحُسْنُ الخُلُقِ وَعِفَّةُ مَطْعَمٍ**

**അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "നാല് ഗുണവിശേഷങ്ങൾ നിങ്ങളിലുണ്ടായാൽ ദുനിയാവിൽ മറ്റെന്ത് നഷ്ടം വന്നാലും അത് നിങ്ങളെ ദുഃഖിപ്പിക്കേണ്ടതില്ല. സത്യസന്ധമായ സംസാരം, ഉത്തരവാദിത്വ സംരക്ഷണം, സദ്സ്വഭാവം, ഉത്തമമായ ആഹാരം തേടൽ എന്നിവയാണവ." (സ്വഹീഹുൽ ജാമിഅ് 3741, അൽബാനി)**

സർവ സദ്ഗുണങ്ങളുടെയും പൂർത്തീകരണത്തിനാണ് താൻ നിയോഗിതനായതെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയ മേഖലകളുടെ സംസ്കരണത്തിനു ആവശ്യമായ എല്ലാ മൂല്യങ്ങളും നബി ലോകത്തെ പഠിപ്പിക്കുകയും പ്രയോഗവത്കരിച്ച് കാണിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് വ്യക്തി. അതുകൊണ്ട് വ്യക്തി സംസ്കരണത്തിന് മുഖ്യ ഊന്നൽ നൽകി. വ്യക്തി സംസ്കരണവുമായി ബന്ധപ്പെട്ട് കുറച്ചധികം പാഠങ്ങൾ ഈ ഹദീസിൽ ഉണ്ട്.

നാല് ഗുണവിശേഷങ്ങളിലൊന്നാമത്തേത് സത്യസന്ധമായ സംസാരമാണ്. വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പാലിക്കുന്ന സമൂഹത്തോടൊപ്പമാവാനാണ് വിശുദ്ധ ഖുർആന്റെ കൽപന. "വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും സത്യവാന്മാരോടൊപ്പമാവുകയും ചെയ്യുക" (അത്തൗബ 119). വ്യക്തിയെ സമൂഹത്തിൽ മാന്യനും എല്ലാവരാലും അംഗീകരിക്കപ്പെട്ടവനുമാക്കുന്നത് സത്യസന്ധതയാണ്. "ആപത്കരമാണെന്ന് തോന്നിയാൽ പോലും സത്യം മുറുകെ പിടിക്കുക. വിജയം അതിലാണ്, തീർച്ച" (ഇബ്നു അബിദ്ദുൻയാ) എന്ന നബിവചനം ഏത് ദുർഘട സന്ധിയിലും സത്യത്തിന്റെ പക്ഷത്ത് നിൽക്കാൻ വിശ്വാസി സമൂഹത്തിന് പ്രേരണയാവേണ്ടതുണ്ട്.

ഉത്തരവാദിത്വ സംരക്ഷണമാണ് രണ്ടാമതായി പറഞ്ഞ സവിശേഷഗുണം. നബി(സ) വളരെ ഗൗരവത്തോടെയാണ് ഉത്തരവാദിത്ത സംരക്ഷണത്തെക്കുറിച്ച് വിശ്വാസി സമൂഹത്തെ ഉദ്ബോധിപ്പിച്ചത്. "മനുഷ്യന് ഉത്തരവാദിത്വ ബോധം നഷ്ടപ്പെട്ടാൽ നിങ്ങൾ അന്ത്യനാൾ പ്രതീക്ഷിച്ചുകൊള്ളുക" എന്ന മുന്നറിയിപ്പും നബി(സ) നൽകി. ഉത്തരവാദിത്വ ബോധമില്ലാത്ത വ്യക്തിയും സമൂഹവും ഭരണകൂടവും നാശത്തിന്റെ വക്കിലാണെന്ന സൂചനയാണ് നബി(സ) നൽകിയത്. അബൂ സുഫ്യാൻ(റ), അദ്ദേഹം വിശ്വാസിയാവുന്നതിനു മുമ്പ് നബി(സ)യുടെ നിയോഗ ലക്ഷ്യത്തെക്കുറിച്ച് ഹിർഖലിന്റെ കൊട്ടാരത്തിൽ വാചാലനാകുന്നുണ്ട്. ഹിർഖൽ ചോദിച്ചു: "മുഹമ്മദ് നിങ്ങളോട് എന്താണ് കൽപിക്കുന്നത്." അബൂസുഫ്യാൻ: "നമസ്കാരം, സത്യസന്ധത, പാതിവ്രത്യം, കരാർ പൂർത്തീകരണം, ഉത്തരവാദിത്വ നിർവഹണം -ഇവയാണ് ജനങ്ങളോട് മുഹമ്മദ് കൽപിക്കുന്നത്."

"ഒരാളോട് എന്തെങ്കിലും സംസാരിച്ചാൽ ആ സംസാരവും ഒരു ഉത്തരവാദിത്ത(അമാനത്ത്)മാണ്" എന്ന നബിവചനം ചെറിയ കാര്യങ്ങളിൽ പോലും വിശ്വാസ്യത പുലർത്തേണ്ടതിന്റെ ആവശ്യകത ഉണർത്തുന്നു. "വിശ്വസ്തത (അമാനത്ത്) ഇല്ലാത്തവന് ഈമാനില്ല; കരാർ പാലിക്കാത്തവന് ദീനുമില്ല" എന്ന് മറ്റൊരു നബിവചനം.

സദ്സ്വഭാവമാണ് മൂന്നാമത്തേത്. ഒരാൾ ശത്രുവോ മിത്രമോ ആവുന്നത് പലപ്പോഴും പെരുമാറ്റ സ്വഭാവ രീതികൾ കണ്ടായിരിക്കും. ഏറ്റവും ഉത്തമമായ പെരുമാറ്റ രീതി സ്വീകരിക്കുന്നവനായിരിക്കും എപ്പോഴും വിശ്വാസി. "താങ്കളൊരു പരുഷ സ്വഭാവിയോ കഠിനഹൃദയനോ ആയിരുന്നെങ്കിൽ ആളുകൾ താങ്കളിലേക്ക് അടുക്കുമായിരുന്നില്ല" (ആലുഇംറാൻ 159) എന്ന് നബി(സ)യെ ഖുർആൻ ഉണർത്തുന്നു. ജനങ്ങൾ എത്ര പരുഷമായി സംസാരിച്ചാലും സൗമ്യത കൈവിടാത്തവനാണ് വിശ്വാസി. നബി(സ) പറഞ്ഞു: "ജനങ്ങളോട് കൂടുതലായി ഇടപഴകുകയും അവരുടെ ഉപദ്രവത്തിൽ ക്ഷമിക്കുകയും ചെയ്യുന്ന വിശ്വാസിയാണ് അവരുടെ ഉപദ്രവം ക്ഷമിക്കാത്ത കഴിയാത്ത വിശ്വാസിയേക്കാൾ ഉത്തമൻ" (അഹ്മദ്)

അനുവദനീയമായ ആഹാരം തേടലാണ് നാലാമത്തേത്. വാക്കിലും പ്രവൃത്തിയിലും വിശുദ്ധി കൈവരിച്ച വിശ്വാസിക്ക് ഒരിക്കലും തന്റെ ഭക്ഷണം ന്യായമായ മാർഗത്തിലൂടെയാക്കാതിരിക്കാനാവില്ല. എന്നല്ല അത് നിർബന്ധവുമാണ്. നബി(സ) പറഞ്ഞു: ''അനുവദനീയമായ ആഹാരം തേടൽ നിർബന്ധ കർമത്തിനു ശേഷമുള്ള നിർബന്ധ കർത്തവ്യമത്രെ" (ത്വബ്റാനി, ബൈഹഖി). അന്യായമാർഗത്തിലുള്ള ആഹാരം തേടൽ പലപ്പോഴും പ്രാർഥനകൾ നിരസിക്കപ്പെടാൻ ഇടയാക്കിയേക്കുമെന്ന് നബി(സ) ഉണർത്തിയത് ഇവിടെ പ്രസ്താവ്യമാണ്. നല്ല മാർഗത്തിലൂടെ ആഹാരം തേടുന്നതിന്റെ മഹത്വത്തെക്കുറിച്ച് നബി(സ) പറഞ്ഞു: "ചില പാപങ്ങളുണ്ട്, നമസ്കാരവും ദാനവും ഹജ്ജുമൊന്നും അവക്ക് പരിഹാരമാവില്ല. എന്നാൽ ജീവിതായോധനത്തിനുള്ള അധ്വാനം അവയെ മായ്ച്ചുകളയുന്നതാണ്" (ത്വബ്റാനി).

*jaleelk3@gmail.com*